# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **06.02.2019-ൽ മറുപടിക്ക്**

**നമ്പർ.1924**

**<u>യൂണിവേഴ്സിറ്റികളിൽ പി.എസ്.സി. വഴി അസിസ്റ്റന്റ് നിയമനം</u>**

**<u>ചോദ്യം</u>** **<u>ഉത്തരം</u>**

**ശ്രീ. കെ.സുരേഷ് കുറുപ്പ്** **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | യൂണിവേഴ്സിറ്റികളിൽ അസിസ്റ്റന്റ് നിയമനത്തിനായി പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; അതിന്റെ കാലാവധി എന്നുവരെയാണ് എന്നറിയിക്കാമോ; | (എ) | ഉണ്ട്. 10.08.2016 ൽ നിലവിൽ വന്ന ടി റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധി 09.08.2019 വരെയാണ്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) യും (സി) യും | 1922 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് അഡ്വൈസ് മെമ്മോ അയച്ച് കഴിഞ്ഞിട്ടുണ്ടോ; അറിയിക്കാമോ; | | |
| (ഡി) | സർവ്വകലാശാലകളിൽ നിന്ന് 2019 വരെയുള്ള ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) യും (ഇ) യും | ഉണ്ട്. പി.എസ്.സി. മുഖേന നിയമനം നടത്തുന്ന സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിൽ 2019 കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി 01.09.2018 നകം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന് 10.08.2018 ലെ Adv.C3/149/18/ഉഭപവ നമ്പർ സർക്കുലറിലൂടെ എല്ലാ വകുപ്പ് തലവൻമാർക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിരവധി വകുപ്പ് മേധാവികളും /നിയമനാധികാരികളും പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ എല്ലാ വകുപ്പ് മേധാവികളും/നിയമനാധികാരികളും ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽ |
| (ഇ) | ഇത് പ്രകാരം യൂണിവേഴ്സിറ്റികളിൽ എത്ര ഒഴിവുകളാണ് ഉണ്ടാകുന്നത്; ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | പെട്ടതിനെ തുടർന്ന് ഇതുവരെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അത് 31.01.2019 നകം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ 18.01.2019 ലെ ഉപസി1/200/2018/ഉഭപവ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ വകുപ്പുകളുടെ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ